## മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 187**

*നമ്മുടെ അധികാരത്തിൽപ്പെട്ട ഗൾഫ് മേഖലയിലെ സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളി കൈക്കാരും, സഭാ പ്രതിനിധി മണ്ഡലാംഗങ്ങളും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

ഇപ്പോൾ നിലവിലുള്ള സഭാ കൗൺസിലിന്റെ കാലാവധി 2026 ആഗസ്റ്റ് 27, 28, 29, (വ്യാഴം, വെള്ളി, ശനി) എന്നീ തീയതികളിൽ നടക്കുന്ന സഭാ പ്രതിനിധി മണ്ഡലയോഗത്തിന്റെ അവസാനം വരെയാണല്ലോ. സഭാ ഭരണഘടന 164(3) വകുപ്പിൻ പ്രകാരം പുതിയ സഭാ കൗൺസിൽ തെരഞ്ഞെടുപ്പ് പുതിയ മണ്ഡലത്തിന്റെ ആദ്യയോഗത്തിന് മുൻപ് പൂർത്തീകരിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ മെത്രാപ്പോലീത്തായുടെ 186–ാം നമ്പർ കല്പന പ്രകാരം ഏവരെയും അറിയിച്ചിട്ടുള്ളതാണ്.

സഭാ ഭരണഘടന 164 (1)(a) വകുപ്പ് അനുസരിച്ച് ഗൾഫ് മേഖലയിലെ ഇടവകകളിൽ നിന്നും സഭാ കൗൺസിലിലേക്ക് ഒരു അത്മായ പ്രതിനിധി തെരഞ്ഞെടുക്കപ്പെടേണ്ടതാണ്. ബാലറ്റ് മുഖേന നടത്തപ്പെടുന്ന ഈ തെരഞ്ഞെടുപ്പ് സംബന്ധിച്ച് താഴെപ്പറയുന്ന തെരഞ്ഞെടുപ്പ് ചട്ടങ്ങൾ നിശ്ചയിച്ചിട്ടുള്ളതും അവ എല്ലാവരുടെയും അറിവിനായി പരസ്യപ്പെടുത്തുന്നതുമാകുന്നു. ഇതനുസരിച്ച് ഗൾഫ് മേഖലയിലെ എല്ലാ മണ്ഡലാംഗങ്ങളും പ്രവർത്തിക്കണമെന്നും ഉദ്ബോധിപ്പിക്കുന്നു.

1. വകുപ്പ് 164(2)(b) അനുസരിച്ച് ഗൾഫ് മേഖലയിൽ നിന്നുള്ള സഭാ കൗൺസിൽ അംഗത്തിന്റെ തെരഞ്ഞെടുപ്പ് സൗകര്യാർത്ഥം പോസ്റ്റൽ ബാലറ്റ് മുഖേന നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു.
2. ഗൾഫ് മേഖലയിലെ തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള ക്രമീകരണങ്ങളിൽ മെത്രാപ്പോലീത്തായെ സഹായിക്കുന്നതിനായി ദിവ്യശ്രീ. കെ. ഇ. ഗീവർഗീസ് കശ്ശീശയെ നിയമിച്ചിരിക്കുന്നു.
3. ഗൾഫ് മേഖലയിൽ നിന്നുള്ള മണ്ഡലാംഗങ്ങളുടെ ലിസ്റ്റ് 2026 ജൂൺ 08–ാം തീയതി തിങ്കളാഴ്ച 5.00 പി. എം. ന് സഭാ ഓഫീസിലും, സഭാ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതാണ്. ഈ ലിസ്റ്റ് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉള്ള പക്ഷം 2026 ജൂൺ 11–ാം തീയതി വ്യാഴാഴ്ച 5.00 പി. എം.ന് മുമ്പായി മെത്രാപ്പോലീത്തായെ അറിയിക്കണം. മെത്രാപ്പോലീത്തായുടെ തീരുമാനം അന്തിമമായിരിക്കും.
4. ആക്ഷേപ നടപടികൾക്കു ശേഷം അന്തിമ വോട്ടർപ്പട്ടിക 2026 ജൂൺ 15–ാം തീയതി തിങ്കളാഴ്ച 5.00 പി.എം.ന് സഭാ ഓഫീസിലും സഭാ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതും ഗൾഫ് മേഖലയിലെ ഇടവക വികാരിമാർക്ക് അയക്കുന്നതുമാണ്.
5. ഈ ലിസ്റ്റിൽ പേരുള്ളവർക്കു മാത്രമേ സ്ഥാനാർത്ഥിയാകുന്നതിനോ നാമനിർദ്ദേശം ചെയ്യുന്നതിനോ അനുവാദകനായിരിക്കുന്നതിനോ അവകാശം ഉണ്ടായിരിക്കുകയുള്ളൂ. നാമനിർദ്ദേശ പത്രികയിൽ സ്ഥാനാർത്ഥികളുടെ പേരും, നിർദ്ദേശകരുടെയും അനുവാദകരുടെയും പേരുകളും, രജിസ്റ്റർ നമ്പരുകളും, ഇടവകകളും, വോട്ടേഴ്സ് ലിസ്റ്റിലെപ്പോലെ തന്നെ ആയിരിക്കേണ്ടതാണ്.
6. നാമനിർദ്ദേശ പത്രികകൾ നിർദ്ദിഷ്ട ഫാറത്തിൽ 2026 ജൂലൈ 10–ാം തീയതി വെള്ളിയാഴ്ച 5.00 പി. എം. ന് മുമ്പായി വരണാധികാരിയ്ക്ക് തിരുവല്ലാ പൂലാത്തീൻ ഓഫീസിൽ രേഖാമൂലം/ഇമെയിൽ (metropolitan@marthoma.in) മുഖേന ലഭിച്ചിരിക്കണം. അതിനു ശേഷം ലഭിക്കുന്ന പത്രികകൾ സ്വീകരിക്കുന്നതല്ല.
7. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന 2026 ജൂലൈ 10–ാം തീയതി വെള്ളിയാഴ്ച 6.00 പി. എം. ന് പുലാത്തീനിൽ മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ നടത്തുന്നതാണ്.
8. സൂക്ഷ്മ പരിശോധനയ്ക്കു ശേഷം സ്വീകരിക്കപ്പെട്ട പേരുകൾ സഭാ ഓഫീസിൽ 2026 ജൂലൈ 10–ാം തീയതി വെള്ളിയാഴ്ച 7.00 പി. എം. ന് പ്രസിദ്ധപ്പെടുത്തുന്നതും സ്ഥാനാർത്ഥികൾക്ക് സഭാ ഓഫീസിൽ നിന്നും വിവരം ചോദിച്ചു മനസ്സിലാക്കാവുന്നതുമാണ്.
9. നാമനിർദ്ദേശ പത്രികകൾ പിൻവലിക്കുന്നതിന് താല്പര്യമുള്ളവരുടെ കത്ത്, വികാരിയിൽ കൂടി 2026 ജൂലൈ 15–ാം തീയതി ബുധനാഴ്ച 5.00 പി. എം. ന് മുമ്പായി പുലാത്തീനിൽ രേഖാമൂലം/ഇ–മെയിൽ മുഖേന ലഭിച്ചിരിക്കേണ്ടതാണ്.

10. സ്ഥാനാർത്ഥികളുടെ പൂർണ്ണ ലിസ്റ്റ് അന്തിമ രൂപത്തിൽ 2026 ജൂലൈ 15–ാം തീയതി ബുധനാഴ്ച 6.00 പി. എം. ന് സഭാ ഓഫീസിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഈ ലിസ്റ്റ് സ്ഥാനാർത്ഥികളുടെ വികാരിമാരെ ഇ–മെയിൽ മുഖേന അറിയിക്കുന്നതാണ്.

11. ഗൾഫ് മേഖലയിലെ മണ്ഡലാംഗങ്ങൾക്ക് 2026 ജൂലൈ 18–ാം തീയതി ശനിയാഴ്ച ബാലറ്റ് പേപ്പറും നിർദ്ദേശങ്ങളും രജിസ്റ്റേർഡ് തപാൽ/കൊറിയർ സർവ്വീസ്/സ്പീഡ് പോസ്റ്റ് ആയി അയച്ചു തരുന്നതാണ്.

12. വരണാധികാരി അയച്ചുതരുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് മണ്ഡലാംഗങ്ങൾ വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പർ 2026 ആഗസ്റ്റ് 22–ാം തീയതി ശനിയാഴ്ച 5.00 പി. എം. ന് മുമ്പായി ലഭിക്കത്തക്കരീതിയിൽ രജിസ്റ്റേർഡ് തപാൽ/കൊറിയർ സർവ്വീസ്/സ്പീഡ് പോസ്റ്റ് ആയി വരണാധികാരിയുടെ പേർക്ക് പൂലാത്തീൻ ഓഫീസിലേക്ക് അയച്ചു കൊടുക്കേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ബാലറ്റ് പേപ്പർ സ്വീകരിക്കുന്നതല്ല.

13. 2026 ആഗസ്റ്റ് 24–ാം തീയതി തിങ്കളാഴ്ച 5.00 പി. എം. ന് വരണാധികാരിയുടെ മേൽനോട്ടത്തിൽ തിരുവല്ലാ പുലാത്തീനിൽ വോട്ടുകൾ എണ്ണി തിട്ടപ്പെടുത്തി ഫലം പ്രഖ്യാപിക്കുന്നതായിരിക്കും.

14. സമർപ്പിക്കേണ്ട നാമനിർദ്ദേശ പത്രികയുടെ മാതൃക ഇതോടൊപ്പം അയയ്ക്കുന്നു.

ഈ തെരഞ്ഞെടുപ്പുകൾ ദൈവനാമമഹത്വത്തിനായി ഭവിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

നമ്മുടെ കർത്താവേശു മ്ശിഹായുടെ കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ

എന്ന് ക്രിസ്താബ്ദം 2026 മെയ് മാസം 27–ാം തീയതി തിരുവല്ല പൂലാത്തിനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 187**

*Blessings to you all the Vicars, Resident Clergy, Trustees, Prathinidhi Mandalam members and Members of all the Parishes in the Gulf Region under our authority.*

Beloved in Christ,

The term of the present Sabha Council is up to the end of the Sabha Prathinidhi Mandalam, which is held on August 27, 28, 29 (Thursday, Friday, Saturday). According to Clause 164 (3) of the Sabha Constitution, the elections to the new Sabha Council must be completed before the first meeting of the new Mandalam. This has been informed to all through Circular No. 186 of the Metropolitan.

According to Clause 164 (1) (a) of the Sabha Constitution, one lay member shall be elected to the Sabha Council from the parishes in the Gulf region. The election shall be conducted by voting through Ballot. The following election rules are prescribed and published for the information of all. All the Mandalam members of the Gulf region are urged to act accordingly.

1. According to Clause 164 (2) (b), it has been decided to conduct the election of the Sabha Council member from the Gulf region through postal ballot for convenience.
2. Rev. K. E. Geevarghese has been appointed to assist the Metropolitan to make arrangements for elections in the Gulf region.
3. The list of Mandalam members from the Gulf region will be published at the Sabha Office and on the Sabha website on Monday, 08 June 2026, at 5.00 p.m. If there are any objections regarding this list, they should be brought to the notice of the Metropolitan before 5.00 p.m. on Thursday, 11 June 2026. The decision of the Metropolitan shall be final.
4. The final voters list, after hearing objections, will be published at the Sabha Office and on the Sabha website at 6.00 p.m. on Monday, 15th June 2026. The voters list will be sent to the Parish Vicars in the Gulf region.
5. Only those whose names appear in this list shall have the right to contest, proposes a candidate, or second a nomination. In the nomination paper, the names of the candidates, proposers, and seconders, along with their registration numbers and parishes, should be entered exactly as they appear in the voters' list.
6. Nomination papers in the prescribed form shall be sent to the Returning Officer by 5.00 p.m. on Friday, 10th July 2026, at the Poolatheen Office, Thiruvalla, in writing or by e-mail (metropolitan@marthoma.in). Nomination papers received after that will not be accepted.
7. Scrutiny of nomination papers will be held at 6.00 p.m. on Friday, 10th July 2026, at Poolatheen under the supervision of the Metropolitan.
8. After scrutiny, the approved names will be published at the Sabha Office at 7.00 p.m. on Friday, 10th July 2026. Candidates can get relevant information from the Sabha Office.
9. Those candidates interested in withdrawing their nomination should send a letter to Poolatheen through their Vicar before 5.00 p.m. on Wednesday, 15th July 2026, in writing or by e-mail.
10. The complete list of candidates in final form will be published at the Sabha Office at 6.00 p.m. on Wednesday, 15th July 2026. This list will be communicated to the Vicars of the candidates through e-mail.
11. The ballot paper and instructions will be sent to the Mandalam members in the Gulf region by Registered Post/Courier Service/Speed Post on Saturday, 18th July 2026.

12. The ballot papers on which the Mandalam members cast their votes, as per the instructions sent by the Returning Officer, must be sent to the Returning Officer at Poolatheen by Registered Post/Courier Service/Speed Post, in such manner as to be received before 5.00 p.m. on Saturday, 22th August 2026. Ballot papers received after the deadline will not be accepted.
13. The votes will be counted at Poolatheen at 5.00 p.m. on Monday, 24th August 2026, under the supervision of the Returning Officer. The results will be announced thereafter.
14. The specimen of nomination form is enclosed herewith.

Let us pray that these elections will be for the glory of God.

Grace be with you all.

Dated 27 May 2026, from Poolatheen, Tiruvalla

**Dr. Theodosius Mar Thoma Metropolitan**

# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

## സഭാ പ്രതിനിധി മണ്ഡലം

## നാമനിർദ്ദേശ പത്രിക

**തെരഞ്ഞെടുക്കപ്പെടേണ്ട സ്ഥാനം:** ..........................................................................................................

| സ്ഥാനാർത്ഥിയുടെ പേരും മേൽവിലാസവും | സ്ത്രീ/ പുരുഷൻ | രജിസ്റ്റർ നമ്പർ | ഇടവക | ഭദ്രാസനം | ഒപ്പ് |
|---|---|---|---|---|---|
| | | | | | |
| **നിർദ്ദേശകന്റെ പേരും മേൽവിലാസവും** | **സ്ത്രീ/ പുരുഷൻ** | **രജിസ്റ്റർ നമ്പർ** | **ഇടവക** | **ഭദ്രാസനം** | **ഒപ്പ്** |
| | | | | | |
| **അനുവാദകന്റെ പേരും മേൽവിലാസവും** | **സ്ത്രീ/ പുരുഷൻ** | **രജിസ്റ്റർ നമ്പർ** | **ഇടവക** | **ഭദ്രാസനം** | **ഒപ്പ്** |
| | | | | | |

**മേൽപറഞ്ഞസ്ഥാനത്തേക്ക് സ്ഥാനാർത്ഥിയാകുന്നതിന് ഞാൻ സമ്മതിച്ചിരിക്കുന്നു.**

സ്ഥാനാർത്ഥിയുടെ പേര്: ഒപ്പ്:

മേൽവിലാസം

സ്ഥലം:
തീയതി:

---

***നോട്ട്:*** *1) വോട്ടേഴ്സ് ലിസ്റ്റിലുള്ള പേരും രജിസ്റ്റർ നമ്പറും ആയിരിക്കണം ഫോമിൽ നൽകേണ്ടത്.*
*2) ഒന്നിൽ കൂടുതൽ സ്ഥാനങ്ങളിലേക്ക് നാമനിർദ്ദേശ പത്രികകൾ കൊടുക്കുവാൻ ആഗ്രഹിക്കുന്നവർ ഓരോ സ്ഥാനത്തേക്കും പ്രത്യേകം പ്രത്യേകം നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കേണ്ടതാണ്.*

**Malankara Mar Thoma Syrian Church**
Sabha Prathinidhi Mandalam
**Nomination Form**

**Name of the Post** ……………………………………………………………………….

| Name and address of Candidate | Male/ Female | Register Number | Parish | Diocese | Signature |
|---|---|---|---|---|---|
| | | | | | |
| **Name and address of Proposer** | **Male/ Female** | **Register Number** | **Parish** | **Diocese** | **Signature** |
| | | | | | |
| **Name and address of the Supporter** | **Male/ Female** | **Register Number** | **Parish** | **Diocese** | **Signature** |
| | | | | | |

**I agree to be a candidate for the above mentioned office.**

Name of Candidate: Signature:
Address:

Place:
Date:

---

*Note: 1) The name and register number entered in the form must be the same as that in the Voters list.*
*2) Those who wish to contest for more than one position must submit separate nomination papers for each office.*